ഇ.എസ് 5/6979/2019/ആ.വ.ഡ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
തീയതി: 10/07/2019

# നോട്ടീസ്

വിഷയം:- ആ.വ.ഡ – ശ്രീമതി. ശോഭന. എസ്. കെ (JPHN Gr.I) യുടെ സീനിയോറിറ്റി പട്ടികയിലെ സ്ഥാനം പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച്-

സൂചന :- 1. ഒ.എ. നം. (EKM) 44/19 കേസിന്മേൽ ബഹു. കെ. എ. റ്റിയുടെ 10.01.2019 ലെ ഉത്തരവ്
2. ഗവ. കത്ത്. നമ്പർ. 33/C1/19/H & FWD, Dated: 08.03.2019
3. ഈ ഓഫീസിലെ ഇതേ നമ്പർ. കത്ത് തീയതി. 20.03.2019

എറണാകുളം ജില്ലയിൽ വളന്തക്കാട് പി. എച്ച്. സി. യിൽ JPHN Gr. I ആയി ജോലി ചെയ്തുവരുന്ന ശ്രീമതി. ശോഭന. എസ്. കെ, പി. എസ്. സി അഡ്വൈസ് നമ്പർ C1-103/89/KPSC, KNR തീയതി. 15.07.1994 പ്രകാരം 05.10.1994 ൽ കണ്ണൂർ ജില്ലയിൽ JPHN Gr. II ആയി ജോലിയിൽ പ്രവേശിച്ചു. 24.10.2000 ൽ കണ്ണൂരിൽ നിന്നും എറണാകുളം ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റം മുഖേന ജോലിയിൽ പ്രവേശിച്ചു. 10.08.2009 ലെ ഉത്തരവ് നമ്പർ. FW(Spl. Cell) 61647/07/DHS പ്രകാരം പ്രസിദ്ധീകരിച്ച JPHN Gr. II സീനിയോറിറ്റി പട്ടികയിൽ 1862-)ം റാങ്ക് നമ്പർ സ്ഥാനം ലഭിച്ചു. 24.10.2000 ൽ അന്തർജില്ലാ സ്ഥലംമാറ്റം നേടിയത് വച്ച് സീനിയോറിറ്റിക്ക് കണക്കാക്കിയാണ് പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ ടിയാൾക്ക് ഈ റാങ്ക് നമ്പർ സ്ഥാനം നൽകിയത്. ഇതിനാനുപാതികമായി 06.12.2018 ൽ പ്രസിദ്ധീകരിച്ച JPHN Gr. I സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ. 1590-)ം സ്ഥാനവും ലഭിച്ചു.

ശ്രീമതി. ശോഭന. എസ്. കെ JPHN Gr. II & Gr I സീനിയോറിറ്റി പട്ടികകളിൽ നിലവിലുള്ള തന്റെ സ്ഥാനം പുനഃനിർണ്ണയിക്കേണ്ടതിനായി ബഹു. കെ. എ . റ്റിയിൽ ഒ. എ (EKM) 44/2019 നമ്പറായി ഫയൽ ചെയ്ത കേസിന്മേൽ 10.01.2019 ലെ ഉത്തരവിൻപ്രകാരംരേഖകൾ വിശദമായി പരിശോധിച്ചതിൽ, ബഹു. ഹൈക്കോടതിയുടെ ഒ.പി(കെ. എ. റ്റി) നം.74/17, ഒ.പി(കെ. എ. റ്റി) 211/97 കേസിന്മേൽ 11.10.2017 ലെ വിധിന്യായവും 11.12.2017 ലെ ബഹു. കെ. എ. റ്റിയുടെ ഒ.എ നം.1070/14 നമ്പർ കേസിന്മേലുള്ള വിധിന്യായം അനുസരിച്ചും ശ്രീമതി. ശോഭന. എസ്. കെ അന്തർ ജില്ലാസ്ഥലംമാറ്റം നേടിയ 24.10.2000 ന് മുമ്പേ 06.05.2000 ൽ ടിയാൾക്ക് പ്രൊമോഷന് അർഹതയുണ്ടെന്ന് ബോധ്യപ്പെട്ടു. ടിയാൾ സർവ്വീസിൽ പ്രവേശിച്ച പി. എസ്. സി അഡ്വൈസ് നമ്പർ. C1/103/89/KPSC, KNR, Dated: 15.07.1994 പ്രകാരമുള്ളവർക്ക് 06.05.2000 തീയതി, പ്രമോഷൻ നിശ്ചയിച്ച് JPHN Gr. I പ്രമോഷൻ നൽകിയിട്ടുണ്ട്.

5130723

GOVERNMENT OF KERALA 2017-18

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ JPHN Gr. II & Gr. I സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. ശോഭന. എസ്. കെ യുടെ സ്ഥാനം പുനഃക്രമീകരിച്ച് നൽകാൻ സൂചന 3 പ്രകാരം ടിയാളുടെ പി. എസ്. സി അഡ്വൈസിന്റെ പകർപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ മേൽ പി. എസ്. സി അഡ്വൈസിൽ ടിയാളുടെ സ്ഥാനം ഒടുവിലത്തേതായി പരിഗണിച്ച്, ടി പി. എസ്. സി അഡ്വൈസിലുള്ളവർക്ക് പ്രസ്തുത സീനിയോറിറ്റി പട്ടികകളിൽ നൽകിയ സ്ഥാനത്തിന്റെ ഏറ്റവും ഒടുവിലത്തെ സ്ഥാനം ടിയാൾക്ക് നൽകുവാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

JPHN Gr. II, Gr. II സീനിയോറിറ്റി പട്ടികയിൽ ടിയാൾക്ക് നിലവിലുള്ള സ്ഥാനം യഥാക്രമം 1862 ഉം 1590 ഉം എന്നിവ റദ്ദ് ചെയ്യുവാനും ഈ സ്ഥാനം പുനഃക്രമീകരിച്ച് JPHN Gr. II സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 189 ബി ആയും ഇതിനാനുപാതികമായി JPHN Gr. I സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 128 എ ആയും നൽകുവാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു

വിശദവിവരം താഴെ ചേർക്കുന്നു

| Name | Date of Birth | Qualification | PSC Advice No, Date | Date of assigning seniority | Existing Rank No. in Seniority list | | Proposed Rank No. in JPHN Gr.II | Proposed Rank No. in JPHN Gr.I | Remarks |
|---|---|---|---|---|---|---|---|---|---|
| | | | | | JPHN Gr. II | JPHN Gr. I | | | |
| SOBHANA. S. K | 14.03.64 | SSLC/ ANM | C1/103/89/KPSC, KNR, Dt: 15.07.94 | 6.5.2000 | 1862 | 1590 | 189 (B) | 128 (A) | OA NO. (EKM) 44/2019/ Hon'ble KAT,Dt. 10.01.2019 |

മേൽ സൂചിപ്പിച്ച പ്രകാരം ടി വ്യക്തിക്ക് സീനിയോറിറ്റി പട്ടികയിലെ സ്ഥാനം പുനഃക്രമീകരിക്കുന്ന നടപടിയ്ക്കെതിരെ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം രേഖാമൂലമോ ഇ-മെയിൽ (essectiondhs@gmail.com) മുഖേനയോ ഉചിതമാർഗ്ഗേന ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നടപടിയിൽ ആക്ഷേപങ്ങളൊന്നുമില്ലായെന്ന നിഗമനത്തിൽ അന്തിമ തീർപ്പ് കൽപ്പിക്കുന്നതാണ്.

ഒപ്പ്/-
ഡോ. സെമീറ എ.
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

GOVERNMENT OF KERALA 2017-18